എം 2/38822/2018/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി : 14.06.2018.
ഫോൺ.0471-2580595; msndpi@gmail.com

# വിജ്ഞാപനം

വിഷയം:- പൊതു വിദ്യാഭ്യാസം-ബി.എഡ് ട്രെയിനിംഗ് കോഴ്സ് -2018 -2020- ഡിപ്പാർട്ട്മെന്റ് ക്വാട്ട അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്

കേരളത്തിലെ 4 ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിലേയ്ക്ക് 2018-2020 അദ്ധ്യയനവർഷത്തെ ബി.എഡ് കോഴ്സിലേയ്ക്ക് ഡിപ്പാർട്ട്മെന്റ് ക്വാട്ടാ മുഖേന തെരെഞ്ഞെടുക്കുന്നതിനുവേണ്ടി താഴെ സൂചിപ്പിച്ചിരിക്കുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷയുടെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

1. പി.എസ്.സി.മുഖേന തെരെഞ്ഞെടുക്കപ്പെട്ട ബി.എഡ്. യോഗ്യത നേടിയിട്ടില്ലാത്ത ബിരുദ അദ്ധ്യാപകർ.
2. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ബി.എഡ് യോഗ്യത നേടിയിട്ടില്ലാത്ത ബിരുദധാരികളായ ഭാഷാദ്ധ്യാപകർ
3. ബി.എഡ് യോഗ്യത നേടിയിട്ടില്ലാത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ബിരുദധാരികളായ എൽ.പി.എസ്.എ/യുപി.എസ്.എ
4. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ജോലിനോക്കുന്ന ബിരുദധാരികളായ സ്പെഷ്യലിസ്റ്റ് , ക്രാഫ്റ്റ്, സംസ്കൃത അദ്ധ്യാപകർ
5. പൊതു വിദ്യാഭ്യാസ വകുപ്പിൽ ജോലി നോക്കി വരുന്ന ബിരുദധാരികളായ അദ്ധ്യാപകേതര ജീവനക്കാർ (സർക്കാർ സ്ഥാപനങ്ങളിൽ ജോലിനോക്കുന്ന വർക്ക് മാത്രം)

എയ്ഡഡ് സ്കൂളിൽ ജോലി നോക്കി വരുന്ന, 5 വർഷം തുടർച്ചയായി സേവനം അനുഷ്ഠിച്ചുവരുന്ന ഫുൾടൈം അദ്ധ്യാപകേതര ജീവനക്കാർക്ക് 3 സീറ്റ് നീക്കിവച്ചിട്ടുണ്ട്.

ഏതെങ്കിലും വിഷയത്തിൽ ബി.എഡ് യോഗ്യത നേടിയിട്ടുള്ള അദ്ധ്യാപക/അദ്ധ്യാപ കേതര ജീവനക്കാർ ഡിപ്പാർട്ടമെന്റ് ക്വാട്ടാ മുഖേന അപേക്ഷ സമർപ്പിക്കുവാൻ അർഹരല്ല.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന തെരെഞ്ഞെടുക്കപ്പെട്ടവർ ആ വിവരം അപേക്ഷ യിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

ഭാഷാ- അദ്ധ്യാപകർ ഫുൾടൈം ആണോ പാർട്ട്ടൈം ആണോ എന്ന് അപേക്ഷയിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. പാർട്ട്ടൈം സർവ്വീസും ഫുൾടൈം സർവ്വീസും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

അംഗീകൃത ടീച്ചിംഗ് സർവ്വീസ് ഇല്ലാത്ത അദ്ധ്യാപകരുടെ അപേക്ഷകൾ അയയ്ക്കേണ്ടതില്ല.

പൂരിപ്പിച്ച അപേക്ഷകൾ അതാത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന **11.07.2018**-ാം തീയതിക്കകം പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസിൽ എത്തിക്കേണ്ടതാണ്.

പരിഗണിക്കാത്ത അപേക്ഷകളെ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ യാതൊരുവിധ കത്തിടപാടുകളും നടത്തുന്നതല്ല.

ബി.എഡ് ട്രെയിംനിംഗ് കാലയളവ് രണ്ട് വർഷം ആണ്.

തിരുവനന്തപുരം, തൃശൂർ, കോഴിക്കോട്, തലശ്ശേരി എന്നീ നാല് ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിലേയ്ക്കാണ് ഡിപ്പാർട്ട്മെന്റ് ക്വാട്ടാ മുഖേന സീറ്റ് അനുവദിച്ചിരിക്കുന്നത്. സർവ്വീസ് കാലയളവിന്റേയും, ലഭ്യമായ സീറ്റുകളുടേയും അടിസ്ഥാനത്തിലാണ് തെരെഞ്ഞെടുപ്പ് നടത്തുന്നത്. സർക്കാർ സ്കൂൾ അദ്ധ്യാപകർക്കാണ് മുൻഗണന നല്കുന്നത്.

അന്യ സംസ്ഥാനത്തെ യൂണിവേഴ്സിറ്റി/സ്ഥാപനങ്ങളിൽ നിന്നും ബിരുദം/ഹയർ സെക്കന്ററി/പത്താം തരം പരീക്ഷ വിജയിച്ചവർ അപേക്ഷയോടൊപ്പം തുല്യതാ സർട്ടിഫിക്കറ്റ് കൂടി സമർപ്പിക്കേണ്ടതാണ്.

തെരെഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ ട്രെയിംനിംഗ് കാലയളവിൽ എപ്പോഴെങ്കിലും ട്രെയിനിംഗിന് യോഗ്യരല്ല എന്ന് കണ്ടെത്തിയാൽ, സെലക്ഷൻ റദ്ദു ചെയ്യുന്നതിനുള്ള അധികാരം പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപതമാണ്.

**കെ.വി.മോഹൻകുമാർ ഐ.എ.എസ്**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ.

## അനുബന്ധം

## ബി.എഡ്.ട്രെയിംനിംഗ് കോഴ്സ്-2018 - 2020 (ഡിപ്പാർട്ട്മെന്റ് ക്വാട്ട) - അപേക്ഷ ഫാറം

1. അപേക്ഷകന്റെ പേര് :

2. ഉദ്യോഗപ്പേരും ശമ്പള സ്കെയിലും :

3. സ്കൂൾ /ഓഫീസ് മേൽ വിലാസം ഇ-മെയിൽ ഐ.ഡി,പിൻകോഡ്, മൊബൈൽ നമ്പർ ഉൾപ്പെടെ :

4. വിദ്യാഭ്യാസ ജില്ല :

5. മുൻപ് ബി.എഡ് കോഴ്സിന് തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ (ട്രെയിനിംഗിന് പങ്കെടുത്തില്ലെങ്കിൽ കാരണം വ്യക്തമാക്കുക)

6. ട്രെയിനിംഗ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ആളാണോ (ആണെങ്കിൽ ഉത്തരവ് നമ്പരും, തീയതിയും) പകർപ്പ് ഉള്ളടക്കം ചെയ്യണ്ടതാണ്.

7. ഗവ./എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളിലാണോ ജോലി നോക്കുന്നത്. :

8. വിദ്യാഭ്യാസ യോഗ്യത (ഡിഗ്രി മാർക്ക് ലിസ്റ്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. :

   (എ) ജനറൽ
   (ബി) പ്രൊഫഷണൽ

9. ബിരുദത്തിന്റെ പേര് (മെയിൻ വിഷയം) :

10. ഡിഗ്രിയുടെ മാർക്കിന്റെ ശതമാനം :

11. ജനനതീയതിയും 01.01.2018 ലെ വയസ്സും :

12. ജാതി, മതം (എസ്.സി./എസ്.റ്റി/ഒ.ബി.സി) :

13. ആകെ സർവ്വീസ്(31.03.2018 വരെയുള്ളത്)

   (എ) പാർട്ട് ടൈം

   (ബി) ഫുൾ ടൈം.

14. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന തെരെഞ്ഞെടുക്കപ്പെട്ട ആളാണോ :

15. പി.എസ്.സി മുഖേന തെരെഞ്ഞെടുക്കപ്പെട്ട ആളാണോ:

16. താമസ സ്ഥലവും, റവന്യൂ ജില്ലയും :

17. ട്രെയിനിംഗ് സെന്ററിന്റെ പേര് : 1.

(മുൻഗണനാ ക്രമത്തിൽ രേഖപ്പെടുത്തേണ്ടതാണ്) 2.

(തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, 3.

തലശ്ശേരി ) 4.

സ്ഥലം :
തീയതി

അപേക്ഷകന്റെ ഒപ്പ്, തീയതി

## <u>സത്യവാങ്മൂലം</u>

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധിപ്പിക്കുന്നു. കൂടാതെ എന്നെ ട്രെയിനിംഗിന് തെരെഞ്ഞെടുക്കപ്പെട്ടാൽ യാതൊരു കാരണവശാലും സെലക്ഷൻ റദ്ദു ചെയ്യുവാൻ ആവശ്യപ്പെടുകയില്ല എന്നും ജി.ഒ.(പി) നം.217/05/ഫിൻ. തീയതി.11.05.2005 ലെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുന്നതാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പും തീയതിയും

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ സത്യസന്ധമാണെന്നും, സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

പ്രധാനാദ്ധ്യാപകന്റെ ഒപ്പും തീയതിയും
സ്കൂൾ /ഓഫീസിന്റെ പേര്

## <u>മേലൊപ്പ്</u>

വിദ്യാഭ്യാസ ഉപ ഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ